(സി) പുതുതായി രൂപീകരിക്കുന്ന ഈ ഉപദേശകസമിതിയോടു ആലോചിച്ചതിനുശേഷമല്ലാതെ പത്രങ്ങളുടെ പേരിൽ നടപടികൾ എടുക്കുന്നതല്ലെന്നു് തീരുമാനിക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദു്) :

(എ) ഈ സ്റ്റേറിൽ ഒരു പത്ര ഉപദേശകസമിതി രൂപീകരിക്കണമെന്ന അഭിപ്രായത്തോടു ഗവണ്മെൻറിനു് യോജിപ്പാണുള്ളതു്.

(ബി, സി.) അതിൻറെ വിശദാംശങ്ങൾ ഒന്നും ചർച്ച ചെയ്തിട്ടില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസു് : ഇതിലെ അംഗങ്ങളെ ഗവണ്മെൻറു തിരഞ്ഞെടുക്കുകയാണോ ?

മി. സ്പീക്കർ : വിശദാംശങ്ങളെപ്പറ്റി ചർച്ച ചെയ്യുകഴിഞ്ഞിട്ടില്ല എന്നു പറഞ്ഞു. പിന്നെ എങ്ങനെയാണു് അതിനു മറുപടി പറയുക.

പബ്ലിക്കു് റിലേഷൻസു് ഡിപ്പാർട്ടുമെൻറിലുള്ള നിയമനങ്ങൾ.

* 1430. [11] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെൻറു് അധികാരത്തിൽവന്നശേഷം പബ്ലിക്കു് റിലേഷൻസു് ഡിപ്പാർട്ടുമെൻറിൽ പുതിയതായി എത്ര നിയമനങ്ങൾ ഉണ്ടായിട്ടുണ്ടു് ;

(ബി) നടത്തിയിട്ടുള്ള നിയമനങ്ങളിൽ പബ്ലിക്കു് സർവ്വീസു് കമ്മീഷൻ മുഖാന്തരമെത്ര, അല്ലാത്തവയെത്ര ;

(സി) കരാർ അടിസ്ഥാനത്തിൽ (കാൺട്രാക്ടു് ബേസിസു്) എത്ര നിയമനങ്ങൾ നടത്തി, അവർ ആരെല്ലാം, ഓരോ തസ്തികയുടെ പേരും ശമ്പള വ്യവസ്ഥയും കരാർവ്യവസ്ഥകളുമെന്തു് ?

പൊതുമരാമത്തുവകുപ്പുമന്ത്രി : (ശ്രീ. ടി. അബ്ദുൽ മജീദു് :)

(എ) 51.

(ബി) 50 പേരെ പബ്ലിക്കു് സർവ്വീസു് കമ്മീഷനിൽനിന്നും ഒരാളെ കരാർവ്യവസ്ഥയിലും നിയമിച്ചിട്ടുണ്ടു്.

(സി) ഒന്നു് ഇൻഫർമേഷൻ ആഫീസർ, ന്യൂഡൽഹി, ശ്രീ. ഇ പി. ജനാർദ്ദനൻ, 200 – 350 രൂപാ. തിരുവിതാംകൂർ സർവ്വീസു് റൂൾസുകൾ അനുസരിച്ചുള്ള വ്യവസ്ഥകൾ ബാധകമാകും. ഒരുമാസത്തെ മുന്നറിയിപ്പോടുകൂടി ഈ ഉദ്യോഗസ്ഥൻറെ സേവനം ഗവണ്മെൻറിനു് വേണ്ടെന്നു വയ്ക്കുവുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ നിയമനം മാത്രം ഇങ്ങനെ പ്രത്യേകമായി നടത്താൻ വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ ?

ശ്രീ. ടി. അബ്ദുൽ മജീദു് : അതിനുത്തരം മുമ്പുതന്നെ പറഞ്ഞിട്ടുള്ളതാണു്. ആ ഉദ്യോഗസ്ഥൻറെ നിയമനം പ്രത്യേകമായി ആവശ്യമുള്ളതുകൊണ്ടു് കാൺട്രാക്ടുവ്യവസ്ഥയിൽ എടുത്തതാണെന്നു നേരത്തേ പറഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly